"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ - ജീവനക്കാര്യം - കരവാരം വി.എച്ച്.എസ്.എസ്.-ലെ 2024-25 വർഷത്തെ തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട് ടി സ്കൂളിലെ അദ്ധ്യാപിക ശ്രീമതി. മഞ്ജുഷ വി.എസ് ഉം മാനേജരും സമർപ്പിച്ച ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.4137/2026/GEDN തീയതി,തിരുവനന്തപുരം, 23-06-2026

---

പരാമർശം:-

1. കരവാരം വി.എച്ച്.എസ്.എസ്. മാനേജർ സമർപ്പിച്ച 09.09.2024 ലെ അപ്പീൽ ഹർജി.
2. കരവാരം വി.എച്ച്.എസ്.എസ്.-ലെ അദ്ധ്യാപികയായ ശ്രീമതി.മഞ്ജുഷ വി.എസ് സമർപ്പിച്ച 17.11.2024 തീയതിയിലെ ഹർജി.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27.02.2025 ലെ ആർഎ1/27177/2024/ഡി.ജി.ഇ. നമ്പർ കത്ത്.
4. ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 12.05.2025 തീയതിയിലെ DEOATL/948/2025-B5 നമ്പർ കത്ത്.
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27.04.2026 ലെ ഡി.ജി.ഇ/9793/2025/ആർഎ1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കരവാരം വി.എച്ച്.എസ്.എസ്. - ലെ **2024-25** വർഷത്തെ തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട് ടി സ്കൂളിലെ അദ്ധ്യാപിക ശ്രീമതി.മഞ്ജുഷ വി.എസ് ഉം മാനേജരും സമർപ്പിച്ച ഹർജിയിന്മേൽ **23.05.2025** തീയതിയിൽ ബന്ധപ്പെട്ടവരെ നേരിൽ കേൾക്കുകയുണ്ടായി.

**2.** ശ്രീമതി. മഞ്ജുഷ വി.എസ്. കരവാരം **VHSS** ൽ **15/07/2015** മുതൽ അദ്ധ്യാപികയായി ജോലി നോക്കി വരുകയാണെന്നും **2024** ജൂലൈ മാസത്തിൽ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്കൂൾ സന്ദർശിക്കുകയും വിശദമായ പരിശോധന നടത്താതെ ഹാജരില്ല എന്നൊരൊറ്റക്കാരണം ചൂണ്ടിക്കാട്ടി വിദ്യാർത്ഥികളെ ഒഴിവാക്കിരുന്നു. എന്നാൽ ഹാജരില്ലാത്ത കുട്ടികൾ അറബ് പഠിക്കുന്നതിലേയ്ക്കായി അറബിക് ക്ലാസ്സിൽ ആയിരുന്നു. അത് ഓഫീസർ നൽകിയ ഉത്തരവിൽ വ്യക്തമാക്കിയിട്ടുമുണ്ട്. കൂടാതെ ഭിന്നശേഷിക്കാരായ കുട്ടികളേയും ഒഴിവാക്കിയാണ് തസ്തിക നിർണ്ണയം നടത്തിയിരിക്കുന്നത്. തുടർന്നുണ്ടായ നടപടിയിൻമേൽ **27/08/2024** മുതൽ

എന്റെ തസ്തിക നഷ്ടപ്പെടുകയും ചെയ്തു. തുടർന്ന് തിരുവനന്തപുരം DDE - യിൽ 09/09/2024 - ൽ കരവാരം VHSS-മാനേജർ മുഖാന്തിരം അപ്പീൽ ഹർജി നൽകുകയുണ്ടായി എന്നാൽ ഇതുവരേയും അവിടെ നിന്നും തുടർനടപടി സ്വീകരിച്ചിട്ടില്ലെന്നും ആയതിനാൽ DDE - നോട് തുടർനടപടികൾ സ്വീകരിക്കുവാൻ സമക്ഷത്തുനിന്നും നടപടി സ്വീകരിക്കണമെന്ന് ശ്രീമതി. മഞ്ജുഷ വി.എസ്. ന്റെ ഹർജിയിൽ അപേക്ഷിച്ചുരുന്നു.

3. ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ സന്ദർശന ദിവസങ്ങളിൽ ഒഴിവാക്കപ്പെട്ട വിദ്യാർത്ഥികൾ അതേ ദിവസങ്ങളിൽ അറബ് പഠിക്കുന്നതിന് ഹാജരായിരുന്നു. ചട്ടം 12(4) ൽ അനുശാസിക്കുംവിധം വിശദമായ പരിശോധന നടത്താതെ ഹാജരില്ല എന്ന ഒറ്റ കാരണം ചൂണ്ടിക്കാട്ടി ചില വിദ്യാർത്ഥികളെ മുൻവിധിയോടെ ഒഴിവാക്കിയത് നിയമവിരുദ്ധമാണ്. മുൻവർഷം നിലനിന്ന 1 ഡിവിഷനും 2024-25 ൽ അനുവദനീയമായ അധിക ഡിവിഷനും അനുവദിക്കാത്തതിന് കാരണമായി ചൂണ്ടികാട്ടിയിട്ടുള്ളത്, ജി.വി.ഓഫീസറുടെ സന്ദർശനദിവസം ചിലവിദ്യാർത്ഥികൾ ഹാജരില്ല എന്നത് മാത്രമാണെന്നും 8-ാം ക്ലാസ്സിലെ 10 വിദ്യാർത്ഥികളെ സന്ദർശനദിവസം ഹാജരില്ല എന്ന കാരണത്താൽ റോളിൽ നിന്ന് നീക്കം ചെയ്തിരിക്കുന്നു. ടി 10 വിദ്യാർത്ഥികളിൽ 8 പേർ അറബ് പഠിക്കുന്നവരാണ്. അറബ് പഠിക്കുന്ന വിദ്യാർത്ഥികളുടെ ഹാജർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ പരിശോധിച്ചപ്പോൾ ഇവരെല്ലാം ഹാജരുണ്ടായിരുന്നു. അതുകൊണ്ടാണ് അറബ് പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ മാറ്റം വരുത്താതെ അറബ് തസ്തിക അനുവദിച്ചിട്ടുള്ളതെന്നും 9-ാം ക്ലാസ്സിൽനിന്ന് 16 വിദ്യാർത്ഥികളെ സന്ദർശനദിവസം ഹാജരില്ല എന്ന കാരണത്താൽ റോളിൽ നിന്ന് കുറവ് ചെയ്തു തസ്തികനിർണയം നടത്തിയിരിക്കുന്നു. ടി 16 വിദ്യാർഥികളിൽ ഒരു വിദ്യാർത്ഥിനി ഭിന്നശേഷിവിഭാഗത്തിൽപ്പെടുന്നതാണ് (CWSN) ബാക്കിയുള്ളവരിൽ രണ്ട് വിദ്യാർഥികൾ ഒഴികെ എല്ലാവിദ്യാർത്ഥികളും അറബ് പഠിക്കുന്നവരും സന്ദർശന ദിവസം ഹാജരുണ്ടായിരുന്നവരും ആണ്. അതുകൊണ്ടാണ് അറബ് പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ മേൽപറഞ്ഞ വിദ്യാർത്ഥികളെ ഉൾപ്പെടുത്തിയിട്ടുള്ളത്. CWSN വിഭാഗത്തിലുള്ള വിദ്യാർത്ഥികൾ എല്ലാ പ്രവർത്തി ദിവസങ്ങളിൽ ഹാജരാകണം എന്ന നിബന്ധന ഇല്ല. കൂടാതെ ഈ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വീട്ടിൽ അധ്യായനം നൽകുന്നതിനുള്ള സംവിധാനവുമുണ്ട്. അതിനുപരികേന്ദ്ര നിയമങ്ങളായ RPWD Act 2016 ൽ ഭിന്ന ശേഷിവിഭാഗം കുട്ടികളുടെ വിദ്യാഭ്യാസത്തെ സംബന്ധിച്ച് വ്യക്തമായ നിർദേശങ്ങൾ ഉണ്ട്. അനുവദനീയവും നിയമാനുസൃതമായ നിലനിന്നതുമായ തസ്തിക റദ്ദു ചെയ്യുകവഴി ഭിന്നശേഷി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം തടസ്സപെട്ടിരിക്കുന്നുവെന്നും 10-ാം ക്ലാസിൽ നിന്ന് 18 വിദ്യാർഥികളെ

റോളിൽ നിന്ന് കുറവ് ചെയ്തു തസ്തിക നിർണയം നടത്തിയിരിക്കുന്നു. ടി 18 വിദ്യാർഥികളിൽ ക്ര.നഃ 4 മുതൽ 18 വരെയുള്ള വിദ്യാർഥികൾ അറബ് പഠിക്കുന്നവരും സന്ദർശനദിവസം ഹാജരുണ്ടായിരുന്നു എന്ന് അവരെ അറബ് പഠിക്കുന്നതിന് പരിഗണിച്ചിട്ടുമുണ്ട് എന്നതിൽനിന്ന് വ്യക്തമാണ്. അഭിരാഗ് ആർ. എസ്, ജസീം എൻ. എസ്, വൈഷ്ണവി രാജ് എന്നീ വിദ്യാർഥികൾ CWSN വിഭാഗമാണെന്നും ആകയാൽ താഴെ വിവരിക്കുന്ന കാരണങ്ങളാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ സന്ദർശന ദിവസം ഹാജരില്ലാത്ത വിദ്യാർഥികളെ റോളിൽ നിന്ന് ഒഴിവാക്കി തസ്തിക നിർണയം നടത്തിയിട്ടുള്ളത് നിയമവിരുദ്ധവും ഏകപക്ഷീയവുമാണെന്ന് കരവാരം വി.എച്ച്.എസ്.എസ് മാനേജരുടെ ഹർജിയിൽ ആവശ്യപ്പെട്ടിരുന്നു.

(എ) 2024-25 വർഷം കരവാരം VHSS ൽ ഒരു അധിക ഡിവിഷനും ബന്ധപ്പെട്ട തസ്തികളും അനുവദനീയമാണ്. കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അധ്യായം XXIII ചട്ടം 12 ൽ വിവരിക്കുന്ന നടപടി ക്രമം പാലിക്കാൻ ജി.വി.ഒ. ബാധ്യസ്ഥയാണ്. ചട്ടം 12(4) പ്രകാരം നടത്തിയ സന്ദർശനങ്ങളിൽ ഹാജരില്ല എന്ന ഒറ്റ കാരണത്താൽ വിദ്യാർഥികളെ റോളിൽ നിന്ന് കുറവ് ചെയ്തത് ചട്ടം 12(1) ന് വിരുദ്ധമാണ്. 'ഹാജരില്ല എന്നത് ഒഴികെ മറ്റ് യാതൊരു പരിശോധനയോ അന്വേഷണമോ ജി.വി.ഒ നടത്തിയില്ല.

ബി) റോളിൽ നിന്ന് കുറവ് ചെയ്യപ്പെട്ട വിദ്യാർഥികൾ അറബ് പഠിക്കാൻ ഹാജരായിരുന്നു.

സി) 6-ാം അധ്യായ ദിവസത്തിനുശേഷം റ്റി.സി. വാങ്ങിപോയ വിദ്യാർത്ഥികളെ സന്ദർശനദിവസം ഹാജരില്ല എന്ന കാരണത്താൽ ഒഴിവാക്കാൻ ചട്ടം2(4) അധികാരം നൽകുന്നില്ല. ഇക്കാര്യത്തിൽ ചട്ടം 12(1) പാലിക്കാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ബാധ്യസ്ഥയാണ്. ചട്ടം 12(8) ലെ വ്യവസ്ഥ പ്രകാരം അധികാരം പ്രയോഗിക്കാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ക്ക് അധികാരമുണ്ട് കരവാരം VHSS ൽ പരാമർശവിഷയത്തിൽ അത്തരം സാഹചര്യമില്ല. ആകയാൽ 6-ാം സാധ്യായ ദിവസത്തിനുശേഷം. റ്റി.സി.വാങ്ങിപോയ വിദ്യാർഥിയെ ഒഴിവാക്കിയത് നിയമവിരുദ്ധമാണ്.

ഡി) നിലവിലുണ്ടായിരുന്ന ഡിവിഷനുകളും തസ്തികകളും അനുവദിക്കാൻ ചട്ടം 12(1) ലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്. ചട്ടം 12(4) ൽ വിവരിക്കുന്ന സന്ദർശനം അധിക തസ്തികകൾ അനുവദിക്കുന്നതിനുവേണ്ടിമാത്രമാണ് എന്ന് വ്യക്തമായിരിക്കെ കഴിഞ്ഞകൊല്ലം നിലവിൽ ഉണ്ടായിരുന്നതും 2024-25 ൽ അനുവദനീയവുമായ തസ്തിക കുറവ് ചെയ്തത് നിയമ വിരുദ്ധവും മുൻവിധിയോടുകൂടിയുമാണ്.

ഇ) നിലവിലുണ്ടായിരുന്ന തസ്തിക കുറവ് ചെയ്യുക വഴി **CWSN** വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന് തടസ്സം വരുത്തിരിക്കുന്നു. മേൽപറഞ്ഞ വസ്തുതകളും കാരണങ്ങളും പരിശോധിച്ച് താഴെ പറയുന്ന ആവശ്യങ്ങൾ അംഗീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

1) **2023-24** വർഷം നിലനിന്നതും **2024-25** വർഷം അനുവദനീയമായ **HST(S.S)** തസ്തിക കേ.വി. ചട്ടങ്ങൾ അധ്യായം **XXIII** ചട്ടം **12(1)** പ്രകാരം അനുവദിക്കാൻ ആറ്റിങ്ങൽ ജി.വി. ഓഫീസറോട് നിർദ്ദേശിക്കാൻ അപേക്ഷിക്കുന്നു.

2) സന്ദർശനദിവസം ഹാജരില്ല എന്ന കാരണത്താൽ റോളിൽ നിന്ന് കുറവ് ചെയ്യപ്പട്ട വിദ്യാർത്ഥികളെ തസ്തിക നിർണയത്തിന് പരിഗണിക്കാത്ത ജില്ലാ വിദ്യാഭ്യാസ ഓഫീസർറുടെ നടപടി റദ്ദു ചെയ്യാൻ അപേക്ഷിക്കുന്നു.

3) **2024-25** വർഷം അനുവദനീയമായ അധികതസ്തിക അനുവദിക്കുന്നതിന് വേണ്ടി കെ.ഇ.ആർ. ചട്ടങ്ങൾ അധ്യായം **XXIII** ചട്ടം **12(4)** പ്രകാരം നടപടി സ്വീകരിക്കാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസറോട് നിർദ്ദേശിക്കാൻ അപേക്ഷിക്കുന്നു.

4) **2023-24** വർഷം നിലനിന്നതും **2024-25** വർഷം നിയമവിരുദ്ധമായി റദ്ദു ചെയ്തതുമായ **HST(SS)** തസ്തികയിൽ അംഗീകരം നേടി തുടരുന്ന അധ്യാപികയ്ക്ക് തടസ്സം കൂടാതെ ശമ്പളം നൽകാൻ ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കാൻ അപേക്ഷിക്കുന്നു.

5) സ്കൂളിൽ **2019-20** വർഷം വരെ നില നിന്ന മ്യൂസിക് തസ്തിക **2022** വർഷം മുതൽ റദ്ദു ചെയ്ത്ിട്ടുള്ളത് കേ.വി. ചട്ടങ്ങൾ അധ്യായം **XXIII** ചട്ടം **64(b)** പ്രകാരം അനുവദിക്കണം എന്ന് അപേക്ഷിക്കുന്നു.

4. കരവാരം വി.എച്ച്.എസ്.എസിൽ **2024-25** വർഷം ഒരു അധിക തസ്തിക വരുന്നത് കൊണ്ട് തന്നെ **10.07.2024, 31.07.2024** എന്നീ തീയതികളിൽ **KER** അദ്ധ്യായം **23** ചട്ടം **12(4)** പ്രകാരം പ്രസ്തുത സ്കൂളിൽ നടത്തിയ ആകസ്മിക പ്രാഥമിക പരിശോധനയിൽ മേപ്പടി **2** ദിവസങ്ങളിലും പൊതുവായി ഹാജരില്ലാതിരുന്ന സ്റ്റാൻഡേർഡ് **8** ൽ **10** കുട്ടികളും, സ്റ്റാൻഡേർഡ് **9** ൽ **16** കുട്ടികളും, സ്റ്റാൻഡേർഡ് **10** ൽ **18** കുട്ടികളും ഹാജരില്ലായിരുന്നു. ഈ കുട്ടികൾ എല്ലാം തന്നെ സ്കൂളിൽ വരാറില്ല എന്ന് ക്ലാസ്സിലെ മറ്റ് കട്ടികളിൽ നിന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത സ്കൂളിലെ അഡ്മിഷൻ രജിസ്റ്റർ പരിശോധിച്ചതിൽ ഈ കുട്ടികൾ എല്ലാം തന്നെ റഹുമാനിയ മഞ്ഞപ്പാറ, റാദുൽ ഇർഷാദ് തോട്ടിക്കല്ല് എന്നീ അറബിക് കോളേജുകളിൽ താമസിച്ചു കൊണ്ട് സ്കൂൾ പഠനം നടത്തുന്ന കുട്ടികൾ ആണന്നു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. മേൽപ്പടി കുട്ടികളെ ഒഴിവാക്കിയാണ് **2024-25** വർഷത്തെ തസ്തിക നിർണ്ണയിച്ചു നൽകിയിട്ടുള്ളത്. **2024-25** വർഷം മുൻ വർഷത്തേതിൽ നിന്ന് **1** ഡിവിഷൻ കുറവ് വരുകയും **HST (SS)** ന്റെ ഒരു പോസ്റ്റ് നഷ്ടമാകുകയും, **05.07.20024** ലെ

സ.ഉ(കൈ) 78/2024 പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം പീരിഡ് അടിസ്ഥാനത്തിൽ 1 HST ഇംഗ്ലീഷ് തസ്തിക താൽക്കാലികമായി അനുവദിക്കുകയും ചെയ്തിട്ടുണ്ടായിരുന്നെന്നും പ്രസ്തുത സ്കൂളിൽ അറബിക് പഠിക്കുന്ന കുട്ടികളുടെ ഇഫക്റ്റീവ് സ്ട്രെങ്ത് 8,9,10 ക്ലാസ്സുകളിൽ യഥാക്രമം 16,18,24 എന്നിങ്ങനെയാണെന്നും പ്രഥമാദ്ധ്യാപിക പൊതുവായി ഹാജരില്ലാത്ത കുട്ടികളെ ഉൾപ്പെടെയാണ് സമന്വയ സോഫ്റ്റ് വെയർ വഴി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതെന്നും പ്രസ്തുത സ്കൂളിൽ അറബിക്കിന് 8,9,10 ക്ലാസ്സുകളിൽ യഥാക്രമം ഡിവിഷൻ മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്നും ഒരു എച്ച്.എസ്.റ്റി പാർട്ട് ടൈം അറബിക് പോസ്റ്റ് മാത്രമേ അനുവദിച്ചിട്ടുള്ളൂവെന്നും ടി സ്കൂളിലെ പൊതുവായി ഹാജരാകാത്ത കുട്ടികളെ ഒഴിവാക്കിയാൽ പോലും ഒരു എച്ച്.എസ്.റ്റി പാർട്ട് ടൈം അറബിക് പോസ്റ്റ് അനുവദിക്കാൻ കഴിയുവെന്നും തസ്തിക നിർണ്ണയം നടത്തുന്ന സമന്വയ സോഫ്റ്റ് വെയറിൽ പൊതുവായി ഹാജരില്ലാത്ത കുട്ടികളെ ഒഴിവാക്കിയുള്ള എണ്ണം രേഖപ്പെടുത്താൻ ഉള്ള ഓപ്ഷൻ നിലവിലില്ലാത്തത് കൊണ്ടാണ് പ്രസ്തുത നടപടി ഉത്തരവിൽ പൊതുവായി ഹാജരില്ലാത്ത കുട്ടികൾ കൂടി ആഡ് ചെയ്ത് കാണപ്പെടുന്നതെന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്കൂൾ സന്ദർശിച്ച് വിശദമായ പരിശോധന നടത്താതെയും പ്രസ്തുത കട്ടികൾ അറബിക് ക്ലാസ്സിൽ ആയിരുന്നു എന്ന് പറയുന്നത് ഒട്ടും ശരിയല്ലെന്നും കാരണം ഇത്തരം പരിശോധനകൾ നടത്തുമ്പോൾ എല്ലാ കുട്ടികളേയും അതാത് ക്ലാസ്സിൽ ഇരുത്താൻ പ്രഥമാധ്യാപികയോട് നിർദ്ദേശം നൽകുകയും, പ്രസ്തുത നിർദ്ദേശം നടപ്പിലാക്കിയ ശേഷം മാത്രമാണ് ക്ലാസ്സിൽ പരിശോധന നടത്തുന്നതെന്നും ക്ലാസ്സിൽ പരിശോധന നടത്തിയ ദിവസ്സങ്ങളിൽ പ്രഥമാധ്യാപികയോ, ബന്ധപ്പെട്ട ക്ലാസ്സ് ടീച്ചർമാരോ ഈ കട്ടികൾ അറബിക് ക്ലാസ്സിൽ ആണെന്ന് അറിയിച്ചിട്ടില്ലെന്നും മാത്രമല്ല പരിശോധന നടന്ന ദിവസങ്ങളിൽ ഹാജരില്ലാത്ത കുട്ടികളുടെ ലിസ്റ്റ് പ്രഥമാധ്യാപിക എഴുതി സാക്ഷ്യപ്പെടുത്തി നൽകിയിട്ടുമുണ്ടെന്നും സന്ദർശന ദിവസം ഹാജരില്ല എന്ന കാരണത്താൽ റോളിൽ നിന്ന് ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ കുറവ് ചെയ്യപ്പെട്ട വിദ്യാർഥികളെ തസ്തിക നിർണയത്തിന് പരിഗണിക്കുന്നതിനും, 2023-24 വർഷം നിലനിന്നതും 2024-25 വർഷം ഒഴിവാക്കിയതുമായ എച്ച്.എസ്.ടി (എസ്.എസ്) തസ്തിക തിരികെ ലഭിക്കുന്നതിനും, 2019-20 വർഷം വരെ നില നിന്ന മ്യൂസിക് തസ്തിക തിരികെ ലഭിക്കുന്നതിനുമായി മാനേജർ തിരുവനന്തപുരം വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് അപ്പിൽ സമർപ്പിച്ചിരുന്നുവെന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

മേൽവിഷയവുമായി ബന്ധപ്പെട്ട് 30.12.2024 തീയതിയിൽ മാനേജർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവരെ ഉൾപ്പെടുത്തി വിദ്യാഭ്യാസ ഉപ ഡയറക്ടർ ഹിയറിംഗ് നടത്തുകയും ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട്

അനുസരിച്ച് 2024-25 വർഷത്തെ തസ്തികനിർണ്ണയത്തിൽ ഒരു അധിക തസ്തിക ബോധ്യപ്പെട്ടതിനെ തുടർന്ന് KER അദ്ധ്യായം 23 ചട്ടം 12(4) പ്രകാരം ആകസ്മിക പ്രാഥമിക പരിശോധന നടത്തിയതായും പരിശോധന നടത്തിയ 2 ദിവസങ്ങളിലും പൊതുവായി ഹാജരില്ലാതിരുന്ന എട്ടാം ക്ലാസിലെ 10 കുട്ടികളും, ഒൻപതാം ക്ലാസിലെ 16 കട്ടികളും പത്താം ക്ലാസിലെ 18, കട്ടികളെയും ഒഴിവാക്കിയാണ് തസ്തിക നിർണ്ണയം അനുവദിച്ചതെന്നും ആയതിനാൽ ക്രമപ്രകാരമാണ് ഡിവിഷനും തസ്തികകളും അനുവദിച്ചതെന്നും അറിയിച്ചിരുന്നുവെന്നും ആയത് പ്രകാരം മുൻ വർഷം അനുവദിച്ചതിൽ നിന്നും 1 ഡിവിഷൻ കുറയുകയും, HST (S/S), HST (Malayalam) എന്നീ തസ്തികകൾ കുറയുകയും, HST (ഇംഗ്ലീഷ്) ന് ഒരു തസ്തിക കൂടുകയും ചെയ്തിരുന്നതായും കരവാരം വി.എച്ച്.എസ്.എസ് ഉൾപ്പെടെയുള്ള സ്ക്കൂളുകളിൽ മതപഠന കോളേജുകളിലെ കുട്ടികളെ സ്കൂളിൽ ഉൾപ്പെടുത്തി - തസ്തികകൾ സൃഷ്ടിക്കുന്നതായി പരാതി ലഭിച്ചിരുന്നതായും ഈ വിഷയം പരിശോധിക്കുന്നതിനായി 23.01.2025 തീയതിയിൽ വിദ്യാഭ്യാസ ഉപ ഡയറക്ടർ സ്കൂളിൽ ആകസ്മിക പരിശോധന നടത്തിയതായും പരിശോധനാ ദിവസം VIII -32, IX - 32, X - 26 കട്ടികൾ ഹാജരായിരുന്നില്ല എന്നും ഇതിൽ VIII - 9: IX - 10, X - 14 എണ്ണം കട്ടികൾ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പരിശോധനയിലും ഹാജരില്ലാതിരുന്ന കട്ടികളാണെന്നും ആയതിനാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കണ്ടെത്തൽ ക്രമപ്രകാരമാണ് എന്ന് കാണുന്നതായും മാനേജരുടെ വാദം പത്താം ക്ലാസിൽ കുട്ടികൾ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തു ആയതിനാൽ ടി കുട്ടികളെ പരിഗണിക്കണം എന്നാണെന്നും എന്നാൽ പൊതുവായ എല്ലാ പരിശോധനയിലും ഹാജരില്ലാതിരുന്ന കട്ടികളെ തസ്തിക നിർണ്ണയത്തിന് പരിഗണിക്കാൻ കഴിയില്ല എന്ന് കാട്ടി മാനേജർ സമർപ്പിച്ച അപ്പീൽ തിരുവനന്തപുരം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ 18/03/2025 തീയതിയിലെ B4/773951/2024 നമ്പർ ഉത്തരവ് പ്രകാരം നിരസിച്ച് ഉത്തരവായിരുന്നു.

5. കരവാരം വി.എച്ച്.എസ്.എസ്.-ലെ 2024-25 വർഷത്തെ തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട് മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിച്ച ഹർജിയിന്മേൽ പൊതുവിദ്യാഭ്യാസ ജോയിന്റ് ഡയറക്ടർ (അക്കാദമിക്) ബന്ധപ്പെട്ട കക്ഷികളെ 07/06/2025 ന് ഓൺലൈൻ മാധ്യമമായ ഗൂഗിൾ മീറ്റ് മുഖാന്തിരം നേരിൽ കേട്ടിരുന്നെന്നും 2024-25 വർഷത്തെ തസ്തിക നിർണ്ണയത്തിൽ ഒരു അധിക തസ്തിക ബോധ്യപ്പെട്ടതിനെ തുടർന്ന് ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ 10/07/2024, 31/07/2024 എന്നീ തീയതികളിൽ KER അദ്ധ്യായം 23 ചട്ടം 12(4) പ്രകാരം കരവാരം വി.എച്ച്.എസ്.എസ്. ൽ ആകസ്മിക പ്രാഥമിക പരിശോധന നടത്തിയിരുന്നു. പരിശോധന നടത്തിയ 2 ദിവസങ്ങളിലും പൊതുവായി ഹാജരില്ലാതിരുന്ന

എട്ടാം ക്ലാസിലെ 10 കുട്ടികളും, ഒൻപതാം ക്ലാസിലെ 16 കുട്ടികളും പത്താം ക്ലാസിലെ 18 കുട്ടികളെയും ഒഴിവാക്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ്കൂളിൽ മുൻ വർഷം നിലനിന്നിരുന്ന സോഷ്യൽ സയൻസ് എച്ച്.എസ്.ടി തസ്തിക നിർണ്ണയത്തിൽ നഷ്ടപ്പെട്ടു. ടി ഉത്തരവിനെതിരെ തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീൽ സമർപ്പിക്കുകയും തുടർന്ന് ഈ വിഷയം പരിശോധിക്കുന്നതിനായി 23/01/2025 തീയതിയിൽ സ്കൂളിൽ ആകസ്മിക പരിശോധന നടത്തുകയും പരിശോധനാ ദിവസം VIII 32, IX 32, X 26 കുട്ടികൾ ഹാജരായിരുന്നില്ല. ഇതിൽ VIII 9, IX 10, X 14 എണ്ണം കുട്ടികൾ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പരിശോധനയിലും ഹാജരില്ലാതിരുന്ന കുട്ടികളാണ് എന്ന് കണ്ടെത്തുകയും ചെയ്തതിനാൽ 12.03.2026 ലെ അപ്പീൽ നിരസിച്ചിരുന്നുവെന്നും ഈ വിഷയത്തിൽ പൊതുവിദ്യാഭ്യാസ ജോയിന്റ് ഡയറക്ടറുടെ (അക്കാദമിക്) 21/08/2025 തീയതിയിൽ കരവാരം വി.എച്ച്.എസ്.എസ്. സ്കൂളിൽ നടത്തിയ സന്ദർശനത്തിൽ സ്കൂളിലെ ചില കുട്ടികൾ 2024-25 വർഷത്തിൽ സ്ഥിരമായി സ്കൂളിൽ വരാറില്ല എന്ന് ബോധ്യപ്പെട്ടിരുന്നു. ആയതിനാൽ വിദ്യാഭ്യാസ ഓഫീസറുടെ നടപടി ക്രമപ്രകാരമാണെന്ന് കാണുന്നതിനാൽ റിവിഷൻ അപ്പീൽ പരിഗണനാർഹമല്ലാത്തതിനാൽ 12/03/2026 ലെ RA1/832779/2025 നമ്പർ ഉത്തരവ് പ്രകാരം നിരസിച്ച് ഉത്തരവായിരുന്നുവെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

6. സർക്കാർ ഈ വിഷയം ഹിയറിംഗിന്റെയും വിദ്യാഭ്യാസ അധികാരികളുടെ റിപ്പോർട്ടിന്റെയും നിലവിലുള്ള ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കരവാരം വി.എച്ച്.എസ്.എസ് ൽ ആറ്റിങ്ങൽ ജില്ലാവിദ്യാഭ്യാസ ഓഫീസറുടെ സന്ദർശന ദിവസം ഹാജരില്ല എന്ന കാരണത്താൽ റോളിൽ നിന്ന് കുറവ് ചെയ്യപ്പെട്ട വിദ്യാർഥികളെ തസ്തിക നിർണയത്തിന് പരിഗണിക്കുന്നതിനും 2023-24 വർഷം നിലനിന്നതും 2024-25 വർഷം റദ്ദ് ചെയ്തതുമായ സോഷ്യൽ സയൻസ് എച്ച്.എസ്.ടി തസ്തിക തിരികെ ലഭിക്കണമെന്നതുമാണ് മാനേജരുടെ അപ്പീലിലെ ആവശ്യം.

7. കരവാരം വി.എച്ച്.എസ്.എസിൽ 10.07.2024, 31.07.2024 എന്നീ തീയതികളിൽ KER അദ്ധ്യായം 23 ചട്ടം 12(4) പ്രകാരം നടത്തിയ ആകസ്മിക പ്രാഥമിക പരിശോധനയിൽ മേപ്പടി 2 ദിവസങ്ങളിലും പൊതുവായി ഹാജരില്ലാതിരുന്ന സ്റ്റാൻഡേർഡ് 8 ൽ 10 കുട്ടികളും, സ്റ്റാൻഡേർഡ് 9 ൽ 16 കുട്ടികളും, സ്റ്റാൻഡേർഡ് 10 ൽ 18 കുട്ടികളും ഹാജരില്ലായിരുന്നു. ഈ കുട്ടികൾ എല്ലാം തന്നെ സ്കൂളിൽ വരാറില്ലാ എന്ന് ക്ലാസ്സിലെ മറ്റ് കട്ടികളിൽ നിന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട് എന്നും പ്രസ്തുത സ്കൂളിലെ അഡ്മിഷൻ രജിസ്റ്റർ പരിശോധിച്ചതിൽ ഈ കുട്ടികൾ എല്ലാം തന്നെ റഹുമാനിയ മഞ്ഞപ്പാറ,

റാദുൽ ഇർഷാദ് തോട്ടിക്കല്ല് എന്നീ അറബിക് കോളേജുകളിൽ താമസിച്ചു കൊണ്ട് സ്കൂൾ പഠനം നടത്തുന്ന കുട്ടികൾ ആണന്നു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നും മേൽപ്പടി കുട്ടികളെ ഒഴിവാക്കിയാണ് ടി സ്കൂളിലെ **2024-25** വർഷത്തെ തസ്തിക നിർണ്ണയിച്ചു നൽകിയിട്ടുള്ളത് എന്നും അപ്രകാരം **2024-25** വർഷം മുൻ വർഷത്തേതിൽ നിന്ന് **1** ഡിവിഷൻ കുറവ് വരുകയും **HST (SS)** ന്റെ ഒരു പോസ്റ്റ് നഷ്ടമാകുകയും, ചെയ്തിട്ടുണ്ടെന്നും ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ പരാമർശം **(4)** പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

**8.** പ്രസ്തുത സ്കൂളിൽ അറബിക് പഠിക്കുന്ന കുട്ടികളുടെ ഇഫക്റ്റീവ് സ്ട്രെങ്ത് **8,9,10** ക്ലാസ്സുകളിൽ യഥാക്രമം **16,18,24** എന്നിങ്ങനെയാണ്. പ്രഥമാദ്ധ്യാപിക പൊതുവായി ഹാജരില്ലാത്ത കുട്ടികളെ ഉൾപ്പെടെയാണ് സമന്വയ സോഫ്റ്റ് വെയർ വഴി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത സ്കൂളിൽ അറബിക്കിന് **8,9,10** ക്ലാസ്സുകളിൽ യഥാക്രമം ഡിവിഷൻ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഒരു എച്ച്.എസ്.റ്റി പാർട്ട് ടൈം അറബിക് പോസ്റ്റ് മാത്രമേ അനുവദിച്ചിട്ടുള്ളു. ടി സ്കൂളിലെ പൊതുവായി ഹാജരാകാത്ത കുട്ടികളെ ഒഴിവാക്കിയാൽ പോലും ഒരു എച്ച്.എസ്.റ്റി പാർട്ട് ടൈം അറബിക് പോസ്റ്റ് അനുവദിക്കാൻ കഴിയും. തസ്തിക നിർണ്ണയം നടത്തുന്ന സമന്വയ സോഫ്റ്റ് വെയറിൽ പൊതുവായി ഹാജരില്ലാത്ത കുട്ടികളെ ഒഴിവാക്കിയുള്ള എണ്ണം രേഖപ്പെടുത്താൻ ഉള്ള ഓപ്ഷൻ നിലവിലില്ലാത്തത് കൊണ്ടാണ് പ്രസ്തുത നടപടി ഉത്തരവിൽ പൊതുവായി ഹാജരില്ലാത്ത കുട്ടികൾ കൂടി ആഡ് ചെയ്ത് കാണപ്പെടുന്നത്.

**9.** കരവാരം വി.എച്ച്.എസ്.എസ് ഉൾപ്പെടെയുള്ള സ്ക്കൂളുകളിൽ മതപഠന കോളേജുകളിലെ കുട്ടികളെ സ്കൂളിൽ ഉൾപ്പെടുത്തി - തസ്തികകൾ സൃഷ്ടിക്കുന്നതായി പരാതി ലഭിച്ചിരുന്നതായും ഈ വിഷയം പരിശോധിക്കുന്നതിനായി **23.01.2025** തീയതിയിൽ വിദ്യാഭ്യാസ ഉപ ഡയറക്ടർ സ്കൂളിൽ ആകസ്മിക പരിശോധന നടത്തിയതായും പരിശോധനാ ദിവസം **VIII -32, IX - 32, X - 26** കട്ടികൾ ഹാജരായിരുന്നില്ല എന്നും ഇതിൽ **VIII - 9: IX - 10, X - 14** എണ്ണം കട്ടികൾ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പരിശോധനയിലും ഹാജരില്ലാതിരുന്ന കട്ടികളാണെന്നും ആയതിനാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കണ്ടെത്തൽ ക്രമപ്രകാരമാണ് എന്ന് കാണുന്നതായും മാനേജരുടെ വാദം പത്താം ക്ലാസിൽ കുട്ടികൾ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തു ആയതിനാൽ ടി കുട്ടികളെ പരിഗണിക്കണം എന്നാണ് എന്നതിനാൽ പൊതുവായ എല്ലാ പരിശോധനയിലും ഹാജരില്ലാതിരുന്ന കട്ടികളെ തസ്തിക നിർണ്ണയത്തിന് പരിഗണിക്കാൻ കഴിയില്ല എന്ന് കാട്ടി മാനേജർ സമർപ്പിച്ച അപ്പീൽ തിരുവനന്തപുരം വിദ്യാഭ്യാസ ഉപ ഡയറക്ടറും നിരസിച്ച് ഉത്തരവായിരുന്നു. മേൽ വിഷയത്തിൽ പൊതുവിദ്യാഭ്യാസ ജോയിന്റ്

ഡയറക്ടറുടെ (അക്കാദമിക്) **21/08/2025** കരവാരം വി.എച്ച്.എസ്.എസ്. സ്കൂളിൽ നടത്തിയ സന്ദർശനത്തിൽ സ്കൂളിലെ ചില കുട്ടികൾ **2024-25** വർഷത്തിൽ സ്ഥിരമായി സ്കൂളിൽ വരാറില്ല എന്ന് ബോധ്യപ്പെട്ടിരുന്നു, ആയതിനാൽ വിദ്യാഭ്യാസ ഓഫീസറുടെ നടപടി ക്രമപ്രകാരമാണെന്ന് കാണുന്നതിനാൽ റിവിഷൻ അപ്പീൽ പരിഗണനാർഹമല്ലാത്തതിനാൽ **12/03/2026** ലെ **RA1/832779/2025** നമ്പർ ഉത്തരവ് പ്രകാരം നിരസിച്ച് ഉത്തരവായിരുന്നു.

**10.** കരവാരം വി.എച്ച്.എസ്.എസ്.-ലെ **2024-25** വർഷത്തെ തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട് ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ **2** പ്രാവശ്യവും തിരുവനന്തപുരം വിദ്യാഭ്യാസ ഉപ ഡയറക്ടറും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർ ഓരോ പ്രാവശ്യവും ടി സ്കൂളിൽ പരിശോധന നടത്തിയപ്പോഴെല്ലാം ടി അധിക തസ്തികയ്ക്ക് ആവശ്യമായ കുട്ടികൾ ടി സ്കൂളിൽ ഹാജരില്ലായിരുന്നു. ആയതിനാൽ വിദ്യാഭ്യാസ ഓഫീസറുടെ നടപടി ക്രമപ്രകാരമാണെന്ന് കാണുന്നു. ആകയാൽ റിവിഷൻ അപ്പീലിലെ ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ, ആയത് നിരസിച്ച് പരാമർശം **(1) & (2)** റിവിഷൻ ഹർജികൾ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**11.** മേൽ പ്രകാരം പരാമർശം **(1) & (2)** ഹർജികൾ തീർപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SWAPNA P
ജോയിന്റ് സെക്രട്ടറി

മാനേജർ, വി.എച്ച്.എസ്.എസ്., കരവാരം.
ശ്രീമതി മഞ്ജുഷ വി. എസ്., ദേവാഞ്ചനം, ആൽത്തറമൂട്,ചിറയിൻകീഴ് പി.ഒ, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം-695 036.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആറ്റിങ്ങൽ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ (എ2/201/2024/പൊ.വി.വ)

ഉത്തരവിൻ പ്രകാരം
Signed by Aji Kumar R
Date: 27-06-2026 12:05:20

സെക്ഷൻ ഓഫീസർ